ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനു മറുപടിയാണു് ഞാൻ പറഞ്ഞതു്. മെഡിക്കൽ കോളേജിനകത്തുനിന്നുള്ള വെള്ളം അവിടെനിന്നും ഫിൽറ്റർ ചെയ്തു വിടുന്നതുകൊണ്ടു് ആളുകൾക്കു് യാതൊരു ദോഷവും ഇല്ലെന്നു കണ്ടിട്ടുണ്ടു്. പൗവർ ലാണ്ടറിയിൽനിന്നുവരുന്ന ജലം ശുദ്ധീകരിച്ചു് തോട്ടിൽ വിടുന്നതിനു് ഒരു പ്ലാന്റു് സ്ഥാപിക്കുന്ന കാര്യം ആലോചിച്ചു വരികയാണു്.

ശ്രീ. കെ. അനിരുദ്ധൻ : ഈ കാര്യത്തെക്കുറിച്ചു് ബഹുമാനപ്പെട്ട മന്ത്രി സ്ഥലത്തുവന്നു് പരിശോധിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു് വിദഗ്ധന്മാർ പരിശോധിക്കേണ്ടതാണു്.

ഹോംഗാർഡുകൾ.

* 455. [12] ശ്രീ. പി. കെ. അബ്ദുൽകാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര ഹോംഗാർഡുകളുണ്ടു് ;

(ബി) അവർക്കുനേരുടെ പരിശീലനകാലത്തേക്കു് അനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം ;

(സി) പരിശീലനത്തിനു നിശ്ചയിക്കപ്പെട്ട സ്ഥലത്തേക്കു് ബസ്സിൽ യാത്രചെയ്തു് വരേണ്ട ദൂരം ഉള്ളപ്പോൾ ചെലവാകുന്ന യഥാർത്ഥത്തിലുള്ള ബസ്സു കൂലി കൊടുക്കുന്നതിനും, ഇന്നു നൽകുന്ന വാഷിംഗ് അലവൻസു് ഒരു രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 3,975 (മൂവായിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ചു്).

(ബി) 1. സൗജന്യ യൂണിഫോം.

2. ഓരോ പരേഡിനും 50 നയാപൈസ തോതിൽ മാസത്തിൽ പത്തുരൂപയിൽ കവിയാതെ പരേഡ് അലവൻസു്.

3. പരിശീലനകേന്ദ്രങ്ങളിൽനിന്നും അഞ്ചു നാഴികയിൽ അധികം ദൂരമുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവർക്കു് പരേഡിൽ പങ്കെടുക്കുന്നതിനുള്ള യഥാർത്ഥ യാത്രക്കൂലി.

4. പരിശീലനകേന്ദ്രങ്ങളിൽനിന്നും അഞ്ചുനാഴികക്കുള്ളിൽ താമസിക്കുന്നവർക്കു് പരേഡിൽ പങ്കെടുക്കുന്നതിനുള്ള യാത്രച്ചെലവിലേക്കായി പരേഡ് ഓരോന്നിനും പത്തു നയാപൈസ.

5. ഏഴുദിവസത്തിലധികം നീണ്ടുനിൽക്കുന്ന പരിശീലന ക്യാമ്പുകളിൽ പങ്കെടുക്കുന്നവർക്കു് ദിവസത്തിൽ മൂന്നുരൂപ വീതവും, ഏഴുദിവസത്തിൽ കുറവായ ക്യാമ്പുകളിൽ പങ്കെടുക്കുന്നവർക്കു് ദിവസത്തിൽ 2 രൂപ 50 നയാപൈസ തോതിലും ക്യാമ്പു് അലവൻസു്.

6. ഡ്യൂട്ടിക്കു് നിയോഗിക്കുമ്പോൾ ദിവസത്തിൽ 2 രൂപ 50 നയാപൈസ തോതിൽ ഡ്യൂട്ടി അലവൻസു്.

LIBRARY ARCHIVES Kerala Legislative Assembly

7. ഡ്യൂട്ടിക്ക് നിയോഗിക്കുമ്പോഴും, പരിശീലനത്തിനയക്കുമ്പോഴും, ഒരേ സമയത്ത് 15 ദിവസത്തിൽ കവിയാതെ സ്പെഷ്യൽ ക്യാഷ്വൽ ലീവും, ഓരോ വർഷത്തിലേയും ഹോംഗാർഡു ദിനത്തിൽ പങ്കെടുക്കുന്നതിനു് ഒരു ദിവസത്തെ സ്പെഷ്യൽ ക്യാഷ്വൽലീവും.

(സി) പരിശീലന കേന്ദ്രങ്ങളിൽനിന്നും അഞ്ചു നാഴികയിലധികമുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവർക്കു് പരേഡിൽ സംബന്ധിക്കുന്നതിനു് യഥാർത്ഥ യാത്രച്ചെലവിലേയും, അഞ്ചു നാഴികക്കുള്ളിൽ താമസിക്കുന്നവർക്കു് യാത്രച്ചെലവിലേക്കായി പരേഡു ഒന്നിനു് 10 നയാപൈസ വീതം അലവൻസും നൽകുന്നുണ്ടു്. നിലവിലുള്ള സാമ്പത്തികവിഷമതകളേയും, ഉണ്ടായേക്കാവുന്ന അധികച്ചെലവിനേയും പരിഗണിച്ചു് വാഷിംഗ് അലവൻസു് ഒരുരൂപയായി ഉയർത്തുവാൻ നിവ്വാഹമില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : വനിതകളെ ഹോംഗാർഡിലേക്കു് തിരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെയാണു് തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകമായി ആരേയും തിരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഹോംഗാർഡു് ദിനത്തിൽ പങ്കെടുത്തതിന്റെ യാത്രച്ചെലവു്, അലവൻസു് മുതലായവ കിട്ടാൻ കാലതാമസം വരുന്നുണ്ടെന്നുള്ള പരാതി കിട്ടിയിട്ടുണ്ടോ ; അങ്ങനെ പരാതി ഉണ്ടാകാതിരിക്കാൻ വേണ്ടതു ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ പരാതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ഉണ്ടായാൽ അതേപ്പറ്റി ഉടൻതന്നെ അന്വേഷിക്കുന്നതാണു്.

ശ്രീ. മാലേത്തു് ഗോപിനാഥപിള്ള : വനിതാ ഹോംഗാർഡ്സിനെ സംബന്ധിച്ചു് ചില ഡിസ്ട്രിക്റ്റുകളിലൊക്കെ അതിനുവേണ്ടി റിക്രൂട്ടുമെന്റു് നടക്കാൻ പോകുന്നുവെന്നു് പത്രത്തിൽ വായിക്കുകയുണ്ടായി. അതിന്റെ യഥാർത്ഥ നില എന്താണു്, അങ്ങനെ വല്ല ആളുകളേയും എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴും എന്തെങ്കിലും പ്രത്യേകമായി ഉള്ളതായി അറിയാൻ നിവൃത്തിയില്ല.

ശ്രീ. പു. എം. മത്തായി : ഹോംഗാർഡിനു പരിശീലനം ലഭിച്ച ആളുകൾക്കു് വേറെ എവിടെയെങ്കിലും നിയമനത്തിനു ചെല്ലുമ്പോൾ എന്തെങ്കിലും പ്രത്യേക മുൻഗണന കൊടുക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ പ്രത്യേകമായി ഒന്നും വ്യവസ്ഥ ചെയ്തിട്ടില്ല. പക്ഷേ പോലീസിലോ മറ്റോ റിക്രൂട്ടുചെയ്യുമ്പോൾ അവർക്കു് പരിശീലനം ലഭിച്ചിട്ടുണ്ടെന്നുള്ള വസ്തുത പ്രത്യേക പരിഗണനയ്ക്കു് വിഷയമായേക്കും.

ശ്രീ. എസ്. കുമാരൻ : 5 നാഴികക്കുള്ളിൽ 10 നയാപൈസ കൊടുക്കുന്നു എന്നു പറഞ്ഞു. ഇതു നാഴികക്കു രണ്ടു ഒരു നയാപൈസവീതമാണോ ?

ശ്രീ. ആർ. ശങ്കർ : യാത്രച്ചെലവു് പ്രത്യേകം കൊടുക്കുന്നതിനുപകരം 10 നയാപൈസ അലവൻസു് കൊടുക്കുന്നുണ്ടു്.

ലാൻഡ് ടൈബ്യൂണൽ.

* 456. [13] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ട്രൈബ്യൂണൽ നിയമം നടപ്പാക്കുന്നതിനു് എത്ര ലാൻഡ് ടൈബ്യൂണൽ സ്ഥാപിക്കേണ്ടിവരും ;

(ബി) 1961—ലെ 4—ം ആക്റ്റു് (കാർഷികബന്ധനിയമം) നടപ്പിലാക്കുന്നതിന എത്ര ലാൻഡ് ടൈബ്യൂണൽ ഏർപ്പെടുത്തിയിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly